# Malayala Manorama
# 24 August 2018
# Kochi; Market is Booming,Onam Sales Reach

# വിപണി കരകയറുന്നു

## ഓണ വിൽപന 65% വരെ ലക്ഷ്യം കാണുമെന്നു പ്രതീക്ഷ

**പി. കിഷോർ**

**കൊച്ചി** • പ്രളയകാലത്തു സ്തംഭിച്ചു നിന്ന ഓണവിപണി ഉണരുന്നു. ആഡംബര ഷോപ്പിങ് എന്നതിനേക്കാൾ ആവശ്യമുള്ളവർ വന്നു വാങ്ങുന്നുവെന്നതു മാത്രമാണെങ്കിലും അതു വിപണിയുടെ തിരിച്ചുവരവാണു സൂചിപ്പിക്കുന്നത്. ഓണത്തിനു പ്രതീക്ഷിച്ചിരുന്ന ആഘോഷ വിൽപനയുടെ ടാർഗറ്റിലെത്താൻ കഴിഞ്ഞേക്കില്ലെങ്കിലും 60-65% തികയ്ക്കാൻ കഴിയുമെന്നാണ് മിക്കവാറും മേഖലകളിലെ വിലയിരുത്തൽ.

കാർ വിപണിയിൽ ഇന്നലെ റജിസ്ട്രേഷൻ തിരക്കായിരുന്നു. നേരത്തേ ബുക്ക് ചെയ്തുവച്ചിട്ട് ഓണത്തിനു വണ്ടി എടുക്കാൻ ഉദ്ദേശിച്ചവരൊക്കെ പണം അടച്ച് റജിസ്റ്റർ ചെയ്യുന്നു. വാഹനത്തിന്റെ മോഡൽ കണ്ട് ഓടിച്ചു നോക്കി തിരഞ്ഞെടുക്കാൻ പുതിയ ഉപയോക്താക്കളും എത്തുന്നുണ്ട്. വാഹനവും ഗൃഹോപകരണങ്ങളും ഉൾപ്പെടെ മിക്ക ഉൽപന്നങ്ങൾക്കും ഓണവിപണി സെപ്റ്റംബർ 15 വരെയാണെന്നത് ആശ്വാസകരമാണ്. അടുത്ത മാസം വിൽപന കയറുമെന്നാണു പ്രതീക്ഷ.

പ്രമുഖ കാർ കമ്പനിക്ക് ഒരു ഡീലറുടെ മാത്രം ഓണവിൽപന ലക്ഷ്യം 750 കാറുകളായിരുന്നു. ഇതിനകം 210 കാർ വിറ്റു. ഇന്നലെ മാത്രം 35 കാർ റജിസ്റ്റർ ചെയ്തു. സെപ്റ്റംബർ പകുതിക്കകം 450 കാറുകൾ വിൽക്കാൻ കഴിയുമെന്നാണു വിലയിരുത്തൽ. ടാർഗറ്റിന്റെ 60% ലക്ഷ്യം കാണും. ഇതേ ബ്രാൻഡിന് കേരളമാകെ വിൽപന ലക്ഷ്യം ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ 30000 കാറുകളാണ്. 20000 ലേറെ വിൽക്കുമെന്നാണു കണക്കാക്കുന്നത്. എല്ലാ കാർ കമ്പനികളും ഡിസ്കൗണ്ടും നറുക്കെടുപ്പും ഓഫറുകളും മറ്റും സെപ്റ്റംബർ പകുതി വരെ തുടരുന്നുമുണ്ട്.

വാഹനങ്ങൾക്കു വാർഷിക വിൽപനയുടെ 30% വരെ ഓണക്കാലത്താണ്. ടുവീലർ വിപണിയിലെ വിൽപന ഓണത്തിനു മുൻപു സാധാരണ മാസങ്ങളിലുണ്ടായിരുന്ന വിൽപനയിലേക്ക് എത്തുകയാണ്.

തുണിക്കടകളിൽ കഴിഞ്ഞ നാലു ദിവസമായി തിരക്കുണ്ട്. വസ്ത്രവിപണിയിലെ വൈകിയെത്തിയ ഉണർവാണ് ഇതു സൂചിപ്പിക്കുന്നത്. പ്രളയം ബാധിക്കാത്ത സ്ഥലങ്ങളിലും ദുരിതാശ്വാസത്തിനായി ജനം പണം ചെലവഴിച്ചതിനാൽ ആവേശമില്ലെന്നു മാത്രം. വസ്ത്രങ്ങളുടെ വാർഷിക വിൽപനയുടെ 30% വരെ ഓണത്തിനു മുൻപുള്ള ദിവസങ്ങളിലാണ്. പക്ഷേ, ഇക്കുറി അതിന്റെ പാതി മാത്രമേ നടക്കൂ. തിരുവോണം വരെയാണ് വസ്ത്രങ്ങളുടെ ഓണവിപണി.

ചെറുകിട കച്ചവടക്കാർക്കു ദുരിതാശ്വാസ കാലത്ത് കുറേ വിൽപന നേടാനായി. ക്യാംപുകളിലേക്കു വേണ്ട വസ്ത്രങ്ങൾ ഇവിടങ്ങളിൽ നിന്നാണു ജനം വാങ്ങിയത്.

ഗൃഹോപകരണ വിപണിക്കാണ് പ്രളയം കനത്ത അടിയായത്. ഒട്ടേറെ ഡീലർമാരുടെ ഗോഡൗണുകൾ വെള്ളത്തിലായി. ഒരു കമ്പനിയുടെ മുഖ്യഗോഡൗൺ പോലും വെള്ളത്തിൽ മുങ്ങി. ആ ഉൽപന്നങ്ങളാകെ മാറ്റേണ്ടി വരും. ഗൃഹോപകരണ, ഇലക്ട്രോണിക് സാധന വിപണിയുടെ കേരളത്തിലെ വാർഷിക വിൽപന ശരാശരി 2500 കോടിയാണ്. അതിൽ ആയിരം കോടി ഓണവിൽപന ലക്ഷ്യമുണ്ടായിരുന്നു. തൽക്കാലം അതിൽ 50% മാത്രമേ എത്തൂ. ഓഫറുകളും ഡിസ്കൗണ്ടുകളും സമ്മാന പദ്ധതികളും സെപ്റ്റംബർ 15 വരെ പ്രഖ്യാപിച്ചിരുന്നതു നീട്ടിയേക്കും. ഫ്രിജ്, ടിവി, വാഷിങ് മെഷീൻ തുടങ്ങിയവ അവശ്യ സാധനങ്ങളായതിനാൽ ഓണവിൽപനയിലെ കുറവ് അടുത്ത രണ്ടു മാസം കൊണ്ടു നികത്താൻ കഴിയുമെന്നാണ് വ്യാപാരികളുടെ ആത്മവിശ്വാസം.

മൊബൈൽ ഫോണുകളുടെ വിൽപന പ്രളയ സമയത്തു കുത്തനെ ഇടിഞ്ഞിരുന്നു. എന്നാൽ, മൂന്നു ദിവസമായി ഓണവിൽപന തന്നെയാണു നടക്കുന്നത്. നേരത്തെ ലക്ഷ്യമിട്ടിരുന്ന വിൽപനയുടെ 50% കടക്കുമെന്നാണു വ്യാപാരികളുടെ വിലയിരുത്തൽ. അതിനർഥം ഓണം ഒഴികെയുള്ള മാസങ്ങളിലെ ശരാശരി വിൽപനയിൽ ഓഗസ്റ്റിലും കുറവുണ്ടാകില്ല.